**എ.വൈ.ആർ**


സൂറഃ-9

# അത്തൗബ

وَإِذَا مَآ أُنزِلَتْ سُورَةٌ فَمِنْهُم مَّن يَقُولُ أَيُّكُمْ زَادَتْهُ هَٰذِهِۦٓ
إِيمَٰنًا ۚ فَأَمَّا ٱلَّذِينَ ءَامَنُوا۟ فَزَادَتْهُمْ إِيمَٰنًا وَهُمْ يَسْتَبْشِرُونَ ﴿١٢٤﴾

**124.** ഒരു ഖുർആൻ സൂറ അവതരിക്കുമ്പോൾ, നിങ്ങളിൽ ആരുടെ വിശ്വാസമാണിതു വർധിപ്പിച്ചത് എന്നു ചോദിക്കുന്ന ചിലർ അക്കൂട്ടത്തിലുണ്ട്. സത്യവിശ്വാസികളുടെ കാര്യത്തിൽ, അവരുടെ വിശ്വാസത്തെ അതു വർധിപ്പിക്കുക തന്നെ ചെയ്യുന്നുണ്ട്; അവരതിൽ സന്തുഷ്ടരുമാകുന്നു.

وَأَمَّا ٱلَّذِينَ فِى قُلُوبِهِم مَّرَضٌ فَزَادَتْهُمْ رِجْسًا إِلَىٰ رِجْسِهِمْ وَمَاتُوا۟
وَهُمْ كَٰفِرُونَ ﴿١٢٥﴾

**125.** എന്നാൽ മനസ്സിൽ രോഗമുള്ളവരുടെ കാര്യമോ, ഓരോ സൂറയും അവരിലുള്ള മാലിന്യത്തിലേക്ക് പുതിയ മാലിന്യം കൂട്ടിച്ചേർക്കുകയും അങ്ങനെ അവർ സത്യനിഷേധികളായിത്തന്നെ മരണമടയാൻ സംഗതിയാവുകയും ചെയ്തിരിക്കുന്നു.

أَوَلَا يَرَوْنَ أَنَّهُمْ يُفْتَنُونَ فِى كُلِّ عَامٍ مَّرَّةً أَوْ مَرَّتَيْنِ ثُمَّ لَا يَتُوبُونَ وَلَا
هُمْ يَذَّكَّرُونَ ﴿١٢٦﴾

**126.** ആണ്ടുതോറും ഒന്നോ രണ്ടോ തവണ തങ്ങൾ പരീക്ഷണത്തിലകപ്പെടുന്നത് ഇക്കൂട്ടർ കാണുന്നില്ലേ? എന്നിട്ടും അവർ പശ്ചാത്തപിക്കുന്നില്ല; ഉൽബുദ്ധരാകുന്നുമില്ല.

وَإِذَا مَآ أُنزِلَتْ سُورَةٌ نَّظَرَ بَعْضُهُمْ إِلَىٰ بَعْضٍ هَلْ يَرَىٰكُم مِّنْ أَحَدٍ ثُمَّ
ٱنصَرَفُوا۟ ۚ صَرَفَ ٱللَّهُ قُلُوبَهُم بِأَنَّهُمْ قَوْمٌ لَّا يَفْقَهُونَ ﴿١٢٧﴾

**127.** ഓരോ സൂറ അവതരിക്കുമ്പോഴും, നിങ്ങളെ വല്ലവരും കാണുന്നുണ്ടോ എന്ന് അവർ പരസ്പരം നോക്കുന്നു. എന്നിട്ട് തഞ്ചത്തിൽ മാറിക്കളയുകയും ചെയ്യുന്നു. അല്ലാഹു അവരുടെ മനസ്സുകളെ മറിച്ചുകളഞ്ഞിരിക്കുന്നു. എന്തുകൊണ്ടെന്നാൽ കാര്യം ഗ്രഹിക്കാത്ത ജനമാണവർ.

وَإِذَا مَآ أُنزِلَتْ= അവതരിപ്പിക്കപ്പെട്ടാൽ(അവതരിക്കുമ്പോൾ) سُورَةٌ= ഒരു (ഖുർആൻ) സൂറ فَمِنْهُم= അക്കൂട്ടത്തിലുണ്ട്

مَّن يَقُولُ= പറയുന്ന(ചോദിക്കുന്ന) ചിലർ أَيُّكُمْ= നിങ്ങളിൽ ആരെ(ആരുടെ) زَادَتْهُ هَٰذِهِۦٓ= ഇത് അവന് വർധിപ്പിച്ചിരിക്കുന്നു (പ്പിച്ചത്)

إِيمَٰنًا= വിശ്വാസ(ത്തെ)ത്താൽ فَأَمَّا ٱلَّذِينَ ءَامَنُوا۟= എന്നാൽ സത്യവിശ്വാസികൾ(കളുടെ കാര്യത്തിൽ)

فَزَادَتْهُمْ= അത് വർധിപ്പിച്ചു(പ്പിക്കുകതന്നെ ചെയ്യുന്നുണ്ട്) إِيمَٰنًا= വിശ്വാസത്തെ

وَهُمْ يَسْتَبْشِرُونَ= അവർ(അതിൽ)സന്തുഷ്ടരായ നിലയിൽ(സന്തുഷ്ടരുമാകുന്നു)

وَأَمَّا ٱلَّذِينَ فِى قُلُوبِهِم مَّرَضٌ= എന്നാൽ മനസ്സിൽ രോഗമുള്ളവർ(രോ)

فَزَادَتْهُمْ= അത് (ഓരോ സൂറയും) അവരിൽ വളർത്തി(കൂട്ടിച്ചേർക്കുകയും) رِجْسًا = മാലിന്യത്തെ

إِلَىٰ رِجْسِهِمْ= അവരുടെ(രിൽ ഉള്ള) മാലിന്യത്തിലേക്ക് وَمَاتُوا۟= അവർ മരിച്ചു(ക്കുകയും ചെയ്യുന്നു)

وَهُمْ كَٰفِرُونَ= അവർ സത്യനിഷേധികളായ നിലയിൽ(ളായിത്തന്നെ)

أَوَلَا يَرَوْنَ= അവർ കണുന്നില്ലേ أَنَّهُمْ= എന്തെന്നാൽ അവർ يُفْتَنُونَ= അവർ പരീക്ഷണത്തിലകപ്പെടുന്നു(ന്നത്)

فِى كُلِّ عَامٍ= എല്ലാ ഓരോ വർഷവും (ആണ്ടുതോറും) مَّرَّةً أَوْ مَرَّتَيْنِ= ഒന്നോ രണ്ടോ തവണ

ثُمَّ لَا يَتُوبُونَ= പിന്നെ (എന്നിട്ടും)അവർ പശ്ചാത്തപിക്കുന്നില്ല وَلَا هُمْ= അവർ അ(ഇ)ല്ല

يَذَّكَّرُونَ= ഉൽബുദ്ധരാകുന്നു, പാഠം പഠിക്കുന്നു

وَإِذَا مَآ أُنزِلَتْ سُورَةٌ= (ഓരോ സൂറ അവതരിക്കുമ്പോഴും) ഒരു സൂറ അവതരിപ്പിക്കപ്പെട്ടാൽ نَّظَرَ= നോക്കി(നോക്കുന്നു)

بَعْضُهُمْ إِلَىٰ بَعْضٍ= (പരസ്പരം) ചിലർ ചിലരിലേക്ക് هَلْ يَرَىٰكُم= നിങ്ങളെ കാണുന്നുണ്ടോ(എന്ന്)

مِّنْ أَحَدٍ= (വല്ലവരും) ആരെങ്കിലും ഒരുവൻ ثُمَّ ٱنصَرَفُوا۟= (തഞ്ചത്തിൽ മാറിക്കളയുന്നു) പിന്നെ അവർ തിരിഞ്ഞു

صَرَفَ ٱللَّهُ= അല്ലാഹു മറിച്ചുകളഞ്ഞിരിക്കുന്നു قُلُوبَهُم= അവരുടെ മനസ്സുകളെ بِأَنَّهُمْ= എന്തുകൊണ്ടെന്നാൽ അവർ

قَوْمٌ لَّا يَفْقَهُونَ= (കാര്യം) ഗ്രഹിക്കാത്ത ജനമാകുന്നു

**124,125:** ഇവിടെ فَمِنْهُم (അവരിൽ) എന്നതുകൊണ്ട് സൂചിപ്പിക്കുന്നത് കപടവിശ്വാസികളെയാണ്. നേരത്തെ നൽകിയ മുന്നറിയിപ്പുകൾക്കും താക്കീതുകൾക്കുമെല്ലാം ശേഷവും കാപട്യത്തിൽ ഉറച്ചുനിൽക്കുക മാത്രമല്ല, അതിനെ അനുദിനം പോഷിപ്പിച്ചുകൊണ്ടിരിക്കുകകൂടി ചെയ്യുന്ന പലരും അന്നുണ്ടായിരുന്നു. അല്ലാഹുവിങ്കൽനിന്നുള്ള താക്കീതുകളൊന്നും അവരിൽ കുറ്റബോധമുണർത്തുകയോ സത്യസ്നേഹം വളർത്തുകയോ ചെയ്തില്ല. കൊടിയ സത്യനിഷേധികളായി മരിച്ചുപോകാനായിരുന്നു അവരുടെ വിധി.

ഈ സൂക്തങ്ങളിൽ 'സൂറ' എന്നു പറഞ്ഞത് ഖുർആനിലെ ഏതെങ്കിലും മുഴുവൻ സൂറയെ ഉദ്ദേശിച്ചാവാം; ഏതെങ്കിലും സൂറയുടെ ഭാഗം മാത്രം ഉദ്ദേശിച്ചുമാവാം. സൂറയുടെ ഭാഷാർഥവും സാങ്കേതികാർഥവും *ഖുർആൻ ബോധനം* സൂറ *അൽഫാതിഹ*യുടെ ആമുഖത്തിൽ വിശദീകരിച്ചിട്ടുണ്ട്.

കപടവിശ്വാസികൾ ഖുർആനിനോട് പുലർത്തുന്ന സമീപനം ചൂണ്ടിക്കാണിക്കുകയാണിവിടെ. വിശ്വാസികൾ പ്രവാചക സദസ്സിൽ സന്നിഹിതരായി ദീൻ പഠിക്കേണ്ടതിന്റെ ആവശ്യകത മുൻ സൂക്തങ്ങളിൽ ഊന്നിപ്പറഞ്ഞുവല്ലോ. പ്രവാചക ശിഷ്യന്മാർ നേരത്തെതന്നെ പ്രവാചക സദസ്സിൽ സ്ഥിരമായി സന്നിഹിതരാവുകയും ഖുർആനും മറ്റു ദീനീകാര്യങ്ങളും പഠിക്കുകയും ചെയ്തുകൊണ്ടിരുന്നു. സദസ്സിൽ വരുന്നവരുടെ കൂട്ടത്തിൽ കപടന്മാരുമുണ്ടായിരുന്നു. തങ്ങൾ യഥാർഥവിശ്വാസികളും ദീനീ വിജ്ഞാനത്തിൽ തൽപരരുമാണെന്ന് മറ്റുള്ളവരെ ധരിപ്പിക്കുകയായിരുന്നു അവരുടെ ലക്ഷ്യം. ഖുർആനിനെ ആദരവോടെ കേൾക്കാനോ പഠിക്കാനോ അവർ ശ്രമിച്ചിരുന്നില്ല. വാസ്തവത്തിൽ പ്രവാചകനോടും ഖുർആനിനോടുമൊക്കെ കടുത്ത പരിഹാസമാണവർക്കുണ്ടായിരുന്നത്. പ്രവാചക സദസ്സിൽ പങ്കെടുക്കുന്ന കപടവിശ്വാസികൾ പ്രവാചകനെ പരിഹസിച്ചിരുന്നതെങ്ങനെയെന്ന് സൂറ *അൽബഖറ*യിലും *അന്നിസാഇ*ലും വ്യക്തമാക്കിയിട്ടുണ്ട്. മുഹമ്മദിന്റെ ഓരോ വായ്ത്താരികൾ എന്ന മട്ടിലാണ് അവർ ഖുർആൻ കേട്ടിരുന്നത്. ഒരു പുതിയ സൂക്തമോ സൂറയോ അവതരിക്കുമ്പോഴൊക്കെ അതിനെ പരിഹസിച്ചുകൊണ്ടവർ പരസ്പരം ചോദിക്കും: 'ദാ, മുഹമ്മദ് ഒരു പുതിയ ദൈവവചനമോതിയിരിക്കുന്നു. പറയൂ സഹോദരന്മാരേ, ആർക്കൊക്കെയാണതുവഴി ഈമാൻ ശക്തിപ്പെട്ടത്?!' പ്രവാചകനെ നിന്ദിക്കുകയും മുസ്‌ലിംകളുടെ മനോവീര്യം തകർക്കുകയുമായിരുന്നു ഇതുകൊണ്ടവരുദ്ദേശിച്ചിരുന്നത്. പക്ഷേ, സത്യാവസ്ഥ അവരുടെ ഉദ്ദേശ്യത്തിനു നേർവിപരീതമായിരുന്നു. ഇത്തരം നിഷേധങ്ങളും പരിഹാസങ്ങളുമെല്ലാം ഉള്ളതോടൊപ്പം തന്നെ പുതുതായി അവതരിക്കുന്ന ഓരോ ഖുർആൻ സൂക്തവും യഥാർഥ സത്യവിശ്വാസികളുടെ വിശ്വാസത്തെ ശക്തിപ്പെടുത്തുകയും വളർത്തുകയും തന്നെയാണ് ചെയ്തുകൊണ്ടിരുന്നത്. അവരെ സംബന്ധിച്ചേടത്തോളം ഖുർആൻ വാക്യങ്ങളോരോന്നും സത്യജ്ഞാനത്തിന്റെ സുവ്യക്തമായ കിരണങ്ങളാണ്. ഓരോ ജ്ഞാനകിരണവും അവരുടെ മനസ്സിലുള്ള സത്യവിശ്വാസത്തിന്റെ വെളിച്ചത്തെ കൂടുതൽ കൂടുതൽ ഉജ്വലമാക്കിക്കൊണ്ടിരിക്കുക തന്നെയാണ്. അജ്ഞതയുടെ ഇരുട്ടിനെ മനസ്സിൽനിന്നു തുടച്ചുനീക്കുന്ന ജ്ഞാനപ്രകാശത്തിന്റെ ആഗമനത്തിൽ അവർ ഏറെ സന്തോഷവും സംതൃപ്തിയും അനുഭവിക്കുന്നുമുണ്ട്. എന്നാൽ മനസ്സിൽ വിശ്വാസത്തിന്റെ വെളിച്ചമില്ലാത്തവർക്ക് ഇതു മനസ്സിലാവില്ല. അവിശ്വാസത്തിന്റെയും കാപട്യത്തിന്റെയും അജ്ഞതയുടെയും രോഗം ബാധിച്ച മനസ്സുകൾക്ക് ഖുർആൻ സൂക്തങ്ങൾ വെറും ശബ്ദമാണ്. വൃത്തികെട്ട വികാരങ്ങളുടെയും മോഹങ്ങളുടെയും അന്ധതയിലാണവർ. അന്ധർ ശബ്ദം കേൾക്കുകയേയുള്ളൂ, വെളിച്ചം കാണുകയില്ല. ഓരോ ഖുർആൻ സൂക്തവും അവരുടെ മനസ്സിലെ വൃത്തികേടുകളെയാണ് പോഷിപ്പിക്കുന്നത്. ഹൃദയത്തിൽ വിശ്വാസത്തിന്റെ വെളിച്ചം തെളിയിക്കാൻ സന്നദ്ധരാകുന്നില്ലെങ്കിൽ അവിശ്വാസത്തിന്റെ ഈട്ടം കൂടിയ അന്ധതയിൽ തന്നെ മരിച്ചു പോവുകയേ അവർക്കു ഗതിയുള്ളൂ.

ഖുർആൻ സൂക്തങ്ങൾ വിശ്വാസികളുടെ വിശ്വാസത്തെയും കപടന്മാരുടെ കാപട്യത്തെയും അടിക്കടി ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുക എന്നത് ഒരു അലങ്കാര വാക്കല്ല; യാഥാർഥ്യം തന്നെയാണ്. ഈ പ്രതിഭാസം പ്രവാചകന്റെ കാലത്തുണ്ടായിരുന്ന വിശ്വാസികളുടെയും അവിശ്വാസികളുടെയും കാര്യത്തിൽ പരിമിതവുമല്ല. എക്കാലത്തും അനുഭവവേദ്യമാണത്. ദൈവവചനമാണെന്ന വിശ്വാസത്തോടെ അർഥമറിഞ്ഞ് ഖുർആൻ പാരായണം ചെയ്യുന്നവരിൽ ദൈവഭക്തിയും വിശ്വാസവും വിജ്ഞാനവും വർധിച്ചുകൊണ്ടേയിരിക്കുന്നു. ഓരോ ഖുർആൻ സൂക്തവും മാത്രമല്ല, ഒരു സൂക്തത്തിന്റെ ആവർത്തിച്ചുള്ള ഓരോ വായനയും അവരിൽ വിശ്വാസത്തിന്റെയും വിജ്ഞാനത്തിന്റെയും വെളിച്ചം വർധിപ്പിച്ചുകൊണ്ടിരിക്കും. എന്നാൽ അവിശ്വാസികൾക്കും കപടവിശ്വാസികൾക്കുമാകട്ടെ ഓരോ സൂക്തവും ഓരോ വായനയും അവരുടെ മനസ്സിൽ അവിശ്വാസവും സന്ദേഹവും വർധിപ്പിക്കുന്നതായിട്ടാണനുഭവപ്പെടുക. ഖുർആന്റെ അലൗകികതയും അനുപമസൗന്ദര്യവും അപരിമേയമായ ആശയലോകവുമൊന്നും അവർക്ക് കാണാനാവില്ല. തങ്ങളുടെ അവിശ്വാസത്തെയും സന്ദേഹങ്ങളെയും ശക്തിപ്പെടുത്തുന്ന നിരർഥകമായ പദസമുച്ചയങ്ങളായേ ഖുർആൻ അവർക്കനുഭവപ്പെടൂ. ഏതു ഭാഷയിലുള്ള ഗ്രന്ഥത്തിന്റെയും അതെത്ര അമൂല്യമാണെങ്കിലും, പാരായണം ആ ഭാഷ അറിയാത്തവരെ സംബന്ധിച്ചേടത്തോളം ഒരു ശബ്ദഘോഷം മാത്രമാകുന്നു. എന്നാൽ ഖുർആൻ ദൈവിക വചനമാണ് എന്ന ബോധ്യത്തോടെ പാരായണം ചെയ്യുമ്പോൾ, പാരായണം ചെയ്യുന്നത് കേൾക്കുമ്പോൾ

അറബി ഭാഷ അറിയാത്തവരുടെ മനസ്സിലും ഭക്തി നിറയുന്നതു കാണാം. അർഥമൊന്നും മനസ്സിലാക്കിയില്ലെങ്കിലും അത് മനസ്സിൽ അനിർവചനീയമായ ഒരു നൈർമല്യാനുഭൂതിയുളവാക്കുന്നു. പക്ഷേ, വിശ്വാസമില്ലെങ്കിൽ അറബിപണ്ഡിതൻ കേട്ടാലും ഖുർആൻ അയാളുടെ മനസ്സിൽ ഒരു ചലനവും ഉണ്ടാക്കുകയില്ല. വല്ല ചലനവും ഉണ്ടാകുന്നുവെങ്കിൽ അത് അവിശ്വാസത്തിന്റെയും നിഷേധത്തിന്റെയും വികാസം മാത്രമായിരിക്കും.

ഖുർആൻ ഈ സംഗതി പല വചനങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. സൂറ *അൽബഖറ* 26-ാം സൂക്തത്തിൽ ഖുർആനെ പരിഹസിക്കുന്നവരെ ഉദ്ധരിച്ചുകൊണ്ട് പറഞ്ഞു: يُضِلُّ بِهِۦ كَثِيرًا وَيَهْدِى بِهِۦ كَثِيرًا ۚ وَمَا يُضِلُّ بِهِۦٓ إِلَّا ٱلْفَٰسِقِينَ (ഈ വിധം ഒരേ വചനത്തിലൂടെ തന്നെ അല്ലാഹു പെരുത്തുപേരെ മാർഗഭ്രഷ്ടരാക്കുകയും പെരുത്തുപേരെ നേർവഴിയിലാക്കുകയും ചെയ്യുന്നു. എന്നാൽ മാർഗഭ്രഷ്ടരാക്കുന്നത് പാപികളെ മാത്രമാകുന്നു). സൂറ *അൽ ഇസ്റാഅ്* 82-ാം സൂക്തം പറയുന്നു:

وَنُنَزِّلُ مِنَ ٱلْقُرْءَانِ مَا هُوَ شِفَآءٌ وَرَحْمَةٌ لِّلْمُؤْمِنِينَ ۙ وَلَا يَزِيدُ ٱلظَّٰلِمِينَ إِلَّا خَسَارًا ﴿٨٢﴾

(നാം അവതരിപ്പിക്കുന്ന ഈ ഖുർആനിൽ വിശ്വാസമുള്ളവർക്ക് ആശ്വാസവും അനുഗ്രഹവുമുണ്ട്. എന്നാൽ അക്രമികൾക്ക് അത് നഷ്ടമല്ലാതൊന്നും വർധിപ്പിക്കുന്നില്ല). സൂറ *അൽ ഫുസ്സിലത്* 44-ാം സൂക്തത്തിൽ പറഞ്ഞു:

قُلْ هُوَ لِلَّذِينَ ءَامَنُوا۟ هُدًى وَشِفَآءٌ ۖ وَٱلَّذِينَ لَا يُؤْمِنُونَ فِىٓ ءَاذَانِهِمْ وَقْرٌ وَهُوَ عَلَيْهِمْ عَمًى ۚ أُو۟لَٰٓئِكَ يُنَادَوْنَ مِن مَّكَانٍۭ بَعِيدٍ

(അവരോട് പറയുക: സത്യവിശ്വാസികൾക്കാണെങ്കിൽ ഈ ഖുർആൻ സന്മാർഗദർശകവും ശമനദായകവുമാകുന്നു. വിശ്വസിക്കാൻ കൂട്ടാക്കാത്തവർക്കോ, കാതുകൾക്ക് അടപ്പും കണ്ണുകൾക്ക് അന്ധതയുമാണിത്. വിദൂരമായ എങ്ങുനിന്നോ വിളിക്കപ്പെടുന്നവരുടേതു പോലെയാണവരുടെ അവസ്ഥ).

**126:** മുൻ സൂക്തത്തിൽ, ഖുർആനിനെ പരിഹസിക്കുന്ന വികലമനസ്സുകൾ തൗബക്ക് ഉതവി ലഭിക്കാതെ മരിച്ചുപോകുന്നു എന്നു പറഞ്ഞതിനോടനുബന്ധിച്ച് അതിന്റെ കാരണം വ്യക്തമാക്കുകയാണിവിടെ. മുൻവിധികളില്ലാതെ ഗൗരവബുദ്ധ്യാ ചിന്തിച്ചുനോക്കുകയാണെങ്കിൽ ഖുർആന്റെയും പ്രവാചകന്റെയും യാഥാർഥ്യം അവർക്ക് സ്വയം മനസ്സിലാക്കാൻ കഴിയുമായിരുന്നു. അതിനുള്ള എത്രയോ ദൃഷ്ടാന്തങ്ങളും ന്യായങ്ങളും അവരുടെ മുന്നിലുണ്ട്. പക്ഷേ, അങ്ങനെ ഒരു ആത്മപരിശോധനക്ക് അവർ തയാറാകുന്നില്ല. ഇപ്പോൾ അവരുടെ രോഗം എല്ലാ അതിരുകളും ഭേദിച്ച് മൂർഛിച്ചിരിക്കുന്നു. കുറ്റബോധത്തിന്റെയും പശ്ചാത്താപത്തിന്റെയും കവാടങ്ങളടഞ്ഞു കഴിഞ്ഞു. അല്ലാഹു അവന്റെ ദാസന്മാരോട് ഏറെ ദയാലുവാകുന്നു. തന്റെ കാരുണ്യത്തിന്റെ കവാടം അവൻ അവർക്ക് മുന്നിൽ തുറന്നിട്ടിരിക്കുകയാണ്. പ്രപഞ്ച വ്യവസ്ഥയുടെ ഒരു ഭാഗമാണത്. ചെറിയവനാവട്ടെ വലിയവനാവട്ടെ, ഓരോ വ്യക്തിയും കൊല്ലത്തിൽ ഒന്നോ രണ്ടോ വട്ടം ഏതെങ്കിലും തരത്തിലുള്ള പരീക്ഷണത്തിലകപ്പെടുന്നു. അല്ലാഹുവിനെ ഓർക്കാനും അവനിലേക്കു മടങ്ങാനുമുള്ള അവസരമാണത്. പക്ഷേ, തങ്ങൾ നേരിടുന്നതെന്തിനെയും കേവല ഭൗതികമായ വീക്ഷണത്തിലൂടെ മാത്രം നോക്കിക്കാണുന്നവർക്ക് ഈ അവസരം ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. തങ്ങൾക്കുണ്ടാകുന്ന നേട്ടങ്ങളും നഷ്ടങ്ങളും പദാർഥജന്യം മാത്രമായിട്ടാണവർ കാണുന്നത്. അതിലൊന്നും ആത്മീയ മൂല്യങ്ങൾക്ക് ഒരു സ്ഥാനവുമില്ല. അതുകൊണ്ട് നേട്ടങ്ങളെയും കോട്ടങ്ങളെയും ആത്മീയാശയങ്ങളുടെ വെളിച്ചത്തിൽ വിലയിരുത്തേണ്ട കാര്യമില്ല. നേട്ടങ്ങളും നഷ്ടങ്ങളും പരീക്ഷണങ്ങളാണെന്ന സത്യം തന്നെ നിഷേധിക്കുകയാണവർ. പരീക്ഷണങ്ങളെ പരീക്ഷണങ്ങളായി കാണുകയും തദടിസ്ഥാനത്തിൽ ആത്മപരിശോധനക്കും സംശോധനക്കും തയാറാവുകയും ചെയ്യുന്നവർക്കേ തൗബ ചെയ്യാൻ ഉതവി ലഭിക്കൂ. പരീക്ഷണങ്ങളിൽനിന്ന് പാഠംപഠിക്കുന്നവരും, ആ പാഠം പിൽക്കാല ജീവിതത്തിൽ പ്രയോജനപ്പെടുത്തുന്നവരും അവർ തന്നെ. സ്വന്തം കർമഫലത്താൽ തൗബയുടെ ഉതവി വിലക്കപ്പെട്ടവർക്ക് പരീക്ഷണങ്ങളിൽനിന്ന് ഒന്നും പഠിക്കാനോ പ്രയോജനപ്പെടുത്താനോ കഴിയില്ല. കണ്ണു തുറന്നുനോക്കുന്നവരല്ലേ കാണൂ. ഒരിക്കലും കണ്ണുതുറക്കാൻ തയാറാകാത്തവർ ഇരുട്ടിൽ ജീവിച്ച് ഇരുട്ടിൽ തന്നെ മരിച്ചു പോകുന്നു.

ഒന്നോ രണ്ടോ തവണ പരീക്ഷണത്തിലകപ്പെടുന്നു എന്നു പറയുന്നത്, ആണ്ടിൽ ഒന്നോ രണ്ടോ വട്ടം മാത്രമേ ഒരാൾ പരീക്ഷിക്കപ്പെടൂ എന്ന അർഥത്തിലല്ല; ആണ്ടുതോറും പലവട്ടം പരീക്ഷിക്കപ്പെടുന്നു എന്ന അർഥത്തിലാണ്. അതിഭൗതിക യാഥാർഥ്യങ്ങളെക്കുറിച്ച് ബോധമുള്ളവർക്ക് അവർ നേരിടുന്ന ഓരോ പരീക്ഷണവും ദൈവത്തിങ്കൽ നിന്നുള്ള ഓരോ വിളിയാണ്. വിശ്വാസം എത്രത്തോളമുണ്ടോ അത്രത്തോളം ഉച്ചത്തിലായിരിക്കും ആ വിളി അവർ കേൾക്കുന്നത്. ഖുർആൻ സൂക്തങ്ങൾ പോലെതന്നെ ജീവിതത്തിൽ നേരിടേണ്ടി വരുന്ന പരീക്ഷണങ്ങളും ദൈവവിശ്വാസികളുടെ വിശ്വാസത്തെ ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. സത്യനിഷേധികളെ സംബന്ധിച്ചേടത്തോളം ദൈവം തന്നെയില്ല; പിന്നെന്തു ദൈവവിളി?!

'പരീക്ഷണം' അവരനുഭവിക്കുന്ന ഏതു പ്രതിസന്ധിയുമാകാം. ചിലപ്പോഴതു ക്ഷാമവും വരൾച്ചയുമാകാം, കൃഷിനാശവും വ്യാപാര നഷ്ടവുമാകാം, യുദ്ധവും ദുരിതവുമാകാം. ചിലപ്പോൾ സ്വന്തം കാപട്യം വെളിപ്പെടുന്ന സന്ദർഭങ്ങളാകാം, ചിലപ്പോൾ ഒട്ടും ഇഷ്ടപ്പെടാത്ത നിയമങ്ങളുമാകാം. എല്ലാതരം പരീക്ഷണങ്ങളും പ്രവാചകന്റെ കാലത്ത് ആളുകൾ നേരിട്ടിരുന്നു.

ثُمَّ لَا يَتُوبُونَ എന്നവാക്യം, അവരുടെ കഠിനമനസ്സിനെ സൂചിപ്പിക്കുകയാണ്. പരീക്ഷണങ്ങൾ മനുഷ്യനെ തന്റെ നിലപാടുകളിൽ പുനരാലോചന നടത്താനും തെറ്റുതിരുത്താനും പ്രേരിപ്പിക്കുന്ന ശക്തിയാണ്. പക്ഷേ, എത്ര പരീക്ഷണങ്ങൾ നേരിട്ടിട്ടും സ്വയം പരിശോധിക്കാനോ തിരുത്താനോ പ്രേരിതരാകാത്തവണ്ണം മിഥ്യയിൽ മൂടുറച്ചവരാണിക്കൂട്ടർ എന്നർഥം. പശ്ചാത്താപം മനസ്സിലുണ്ടാകേണ്ട വൈകാരിക പ്രവർത്തനമാണ്. ബുദ്ധിയുടെ പ്രവർത്തനമാണ് ഉൽബുദ്ധത. 'അവർ തൗബ ചെയ്യുന്നില്ല, ഉൽബുദ്ധരാകുന്നുമില്ല' എന്നു പറഞ്ഞതിന്റെ താൽപര്യം, അവരുടെ വികാരവും ബുദ്ധിയും സത്യത്തിനനുകൂലമായി ചലിക്കുന്നില്ല എന്നാണ്. അതുരണ്ടും സ്വന്തം കർമദോഷങ്ങളുടെ മാലിന്യത്തിൽ മുങ്ങി മൃതപ്രായമായിരിക്കുന്നു.

**127:** ഇവിടെ 'സൂറ അവതരിച്ചാൽ' എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത്, അവർക്ക് വല്ല കൽപനയും നൽകുന്ന ഖുർആൻ സൂക്തങ്ങൾ അവതരിച്ചാൽ എന്നാണ്. പ്രസക്തമായ സാമൂഹിക സംഭവവികാസങ്ങളുണ്ടാവുകയോ മുസ്‌ലിംകളെ സുപ്രധാനമായ ഏതെങ്കിലും ദൗത്യത്തിനു സജ്ജമാക്കുകയോ ചെയ്യുമ്പോൾ, അതു സംബന്ധിച്ച ഏറ്റവും പുതിയ ഖുർആനിക മാർഗദർശനങ്ങൾ പഠിപ്പിക്കുന്നതിനുവേണ്ടി പ്രവാചകൻ വിശ്വാസികളെ വിളിച്ചുകൂട്ടുമായിരുന്നു. ഇത്തരം സദസ്സുകളിൽ മടിച്ചു മടിച്ചാണെങ്കിലും കപടവിശ്വാസികളും ഹാജരാകും. ഞങ്ങളും വി

ശ്വാസികളാണെന്ന് അവർക്ക് മറ്റുള്ളവരെ ബോധ്യപ്പെടുത്തേണ്ടതുണ്ടല്ലോ. എന്നാൽ അൽപം ക്ലേശകരമായ സംരംഭമാണ് പ്രവാചകൻ അവതരിപ്പിക്കുന്നതെങ്കിൽ അവർ എങ്ങനെയെങ്കിലും അതിൽനിന്ന് തടിതപ്പാൻ നോക്കുകയായി. അത്തരം സന്ദർഭങ്ങളിൽ ആരെങ്കിലും തങ്ങളെ ശ്രദ്ധിക്കുന്നുണ്ടോ എന്ന് അവരന്യോന്യം നോക്കിക്കൊണ്ടിരിക്കും. അന്യോന്യമുള്ള ഈ നോട്ടം സ്ഥലംവിടാൻ സമയമായിരിക്കുന്നു എന്നു മറ്റുള്ളവർക്കുള്ള സൂചന കൂടിയാണ്. ആരുടെയും ശ്രദ്ധയിൽ പെടുന്നില്ല എന്നു കണ്ടാൽ ഓരോരുത്തരായി ചുളുവിൽ സ്ഥലംവിടുന്നു. കപടന്മാരുടെ ഈ രീതിയെ സൂറ *അന്നൂർ* 62, 63 സൂക്തങ്ങളിൽ കുറെക്കൂടി വിശദമായി പരാമർശിക്കുന്നുണ്ട്:

إِنَّمَا ٱلْمُؤْمِنُونَ ٱلَّذِينَ ءَامَنُوا۟ بِٱللَّهِ وَرَسُولِهِۦ وَإِذَا كَانُوا۟ مَعَهُۥ عَلَىٰٓ أَمْرٍ
جَامِعٍ لَّمْ يَذْهَبُوا۟ حَتَّىٰ يَسْتَـْٔذِنُوهُ ۚ إِنَّ ٱلَّذِينَ يَسْتَـْٔذِنُونَكَ
أُو۟لَـٰٓئِكَ ٱلَّذِينَ يُؤْمِنُونَ بِٱللَّهِ وَرَسُولِهِۦ ۚ فَإِذَا ٱسْتَـْٔذَنُوكَ لِبَعْضِ شَأْنِهِمْ
فَأْذَن لِّمَن شِئْتَ مِنْهُمْ وَٱسْتَغْفِرْ لَهُمُ ٱللَّهَ ۚ إِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿٦٢﴾
لَّا تَجْعَلُوا۟ دُعَآءَ ٱلرَّسُولِ بَيْنَكُمْ كَدُعَآءِ بَعْضِكُم بَعْضًا ۚ قَدْ يَعْلَمُ ٱللَّهُ
ٱلَّذِينَ يَتَسَلَّلُونَ مِنكُمْ لِوَاذًا ۚ فَلْيَحْذَرِ ٱلَّذِينَ يُخَالِفُونَ عَنْ أَمْرِهِۦٓ أَن
تُصِيبَهُمْ فِتْنَةٌ أَوْ يُصِيبَهُمْ عَذَابٌ أَلِيمٌ ﴿٦٣﴾

(അല്ലാഹുവിനെയും അവന്റെ ദൂതനെയും മനസാ അംഗീകരിച്ചവരും പ്രവാചകനോടൊപ്പം ഒരു പൊതുകാര്യത്തിലേർപ്പെടുമ്പോൾ അദ്ദേഹത്തിന്റെ അനുമതി കൂടാതെ പിരിഞ്ഞു പോകാത്തവരുമാകുന്നു യഥാർഥ സത്യവിശ്വാസികൾ. നിന്നോടനുമതി തേടിയ ശേഷം പിരിഞ്ഞു പോകുന്നവർ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിച്ചവർ തന്നെ. അവർ ഒരു ആവശ്യത്തിനുവേണ്ടി സമ്മതം ചോദിച്ചാൽ നീ ഉദ്ദേശിക്കുന്നവർക്ക് സമ്മതം കൊടുക്കാം. അവർക്കുവേണ്ടി അല്ലാഹുവിനോട് പാപമോചനം തേടുകയും ചെയ്യുക. അല്ലാഹു ഏറെ പൊറുക്കുന്ന ദയാപരനാകുന്നു. ദൈവദൂതന്റെ വിളിയെ നിങ്ങൾ പരസ്പരം വിളിക്കുന്നതുപോലെ കണക്കാക്കരുത്. മറ്റുള്ളവരുടെ മറപിടിച്ച് തഞ്ചത്തിൽ ഊരിച്ചാടുന്നവരെ അല്ലാഹു നല്ലവണ്ണം അറിയുന്നുണ്ട്. പ്രവാചകന്റെ കൽപനയെ എതിർക്കുന്നവർ വല്ല വിപത്തിലും അകപ്പെടുകയോ വേദനയേറിയ ശിക്ഷക്കിരയാവുകയോ ചെയ്യുന്നത് ഭയപ്പെട്ടുകൊള്ളട്ടെ.)

അല്ലാഹുവിൽനിന്നും റസൂലിൽനിന്നും സ്വയം പിന്തിരിയുന്നവരുടെ ഹൃദയങ്ങളെ അല്ലാഹുവും പിന്തിരിപ്പിക്കുന്നു എന്നാണ് صَرَفَ ٱللَّهُ قُلُوبَهُم എന്ന വാക്യത്തിന്റെ താൽപര്യം. ഇത് സൂറ *അസ്സ്വഫ്ഫിൽ* فَلَمَّا زَاغُوٓا۟ أَزَاغَ ٱللَّهُ قُلُوبَهُمْ ۚ (അവർ വക്രിച്ചപ്പോൾ അല്ലാഹു അവരുടെ മനസ്സുകളെ വക്രിപ്പിച്ചു) എന്നു പറഞ്ഞിട്ടുള്ളതിനു സമാനമാണ്. خَتَمَ ٱللَّهُ عَلَىٰ قُلُوبِهِمْ (അല്ലാഹു അവരുടെ മനസ്സുകൾ അടച്ചുപൂട്ടി) എന്നതുപോലുള്ള ഒരു ശാപോക്തിയായും ഇതിനെ മനസ്സിലാക്കാം. അവരെ ഇങ്ങനെ തിരിക്കാനും മറിക്കാനും കാരണം അവർ തന്നെയാണെന്നു വ്യക്തമാക്കുകയാണ് بِأَنَّهُمْ قَوْمٌ لَّا يَفْقَهُونَ എന്ന വാക്യം. ബുദ്ധിയുടെയും ചിന്താശക്തിയുടെയും പ്രവർത്തനത്തിലൂടെയാണ് മനുഷ്യമനസ്സിൽ സത്യജ്ഞാനത്തിന്റെ വെളിച്ചം പരക്കുന്നത്. ബുദ്ധിയെയും ചിന്തയെയും പ്രവർത്തിപ്പിക്കാതിരിക്കുകയെന്നാൽ മനസ്സിനെ അടച്ചുപൂട്ടിവെക്കുകയാണ്. അല്ലാഹുവിങ്കൽനിന്ന് ആവർത്തിച്ച് മുന്നറിയിപ്പുകളും താക്കീതുകളും ലഭിച്ചിട്ടും ബുദ്ധിയും ചിന്തയും ഉപയോഗിക്കാത്തവർ അതിന്റെ അനിവാര്യമായ ദുഷ്പരിണതിയിലേക്ക് നയിക്കപ്പെടാതെ തരമില്ല. ■